National Games KERALA 2015
31 Jan - 14 Feb

Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India

Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

നാഷണൽ ഗെയിംസ്;

## റൺ കേരള റൺ ഒരുക്കങ്ങൾ പൂർത്തിയായി; സച്ചിനെത്തും

തിരുവനന്തപുരം; 16 ജനുവരി 2015: ദേശീയ ഗെയിംസിന മുന്നോടിയായുള്ള 'റൺ കേരള റണ്ണിന്റെ' ഒരുക്കങ്ങൾ പൂർത്തിയായി. ഈ മാസം 20ന രാവിലെ 10.30നാണ് കേരളം ഒന്നാകെ പങ്കെടുക്കുന്ന കൂട്ടയോട്ടം. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി ഏഴായിരത്തിൽപ്പരം കേന്ദ്രങ്ങളിൽ നടക്കുന്ന കൂട്ടയോട്ടം രാജ്യം കണ്ട ഏറ്റവും വലിയ കൂട്ടയോട്ടമായിരിക്കും.

സെക്രട്ടേറയേറ്റിന്റെ സൗത്ത് ഗേറ്റിൽ വച്ച് ബഹു. കേരള ഗവർണ്ണർ ജസ്റ്റിസ് ശ്രീ. പി. സദാശിവമാണ് റൺ കേരള റൺ ഫ്ളാഗ് ഓഫ് ചെയ്യുന്നത്. തിരുവനന്തപുരത്തെ സെക്രട്ടേറിയേറ്റിനു മുന്നിൽ നടക്കുന്ന കൂട്ടയോട്ടത്തിൽ പങ്കെടുക്കാൻ ക്രിക്കറ്റ് ഇതിഹാസം ശ്രീ. സച്ചിൻ തെൻഡുൽക്കർ എത്തും. ബഹു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ളവർ സച്ചിനോടൊപ്പം ഓട്ടത്തിൽ പങ്കെടുക്കും.

ദേശീയ ഗെയിംസിന ആതിഥ്യം വഹിക്കുന്ന കേരളത്തിന്റെ ഐക്യവും കൂട്ടായ്മയും ലോകത്തിനു മുന്നിൽ പ്രഖ്യാപിക്കാനാണ് റൺ കേരള റൺ.

സംസ്ഥാനത്തെ ആയിരക്കണക്കിന വിദ്യാഭ്യാസ സ്ഥാപനങ്ങളും സംഘടനകളും റെസിഡൻസ് അസോസിയേഷനുകളു പൊതു-സ്വകര്യ സ്ഥാപനങ്ങളും വ്യക്തികളും ഇതിനോടകം റൺ കേരള റണ്ണിൽ പേർ രജിസ്റ്റർ ചെയ്തു കഴിഞ്ഞിട്ടുണ്ട. സംസ്ഥാമൊട്ടാകെ നടക്കുന്ന കൂട്ടയോട്ടത്തിൽ ആർക്കും രജിസ്ട്രേഷൻ ഇല്ലാതെയും പങ്കെടുക്കാം. മുൻകൂട്ടി നിശ്ചയിച്ച പോയിന്റുകളിൽ ഇവർക്കും മറ്റുള്ളവർക്കൊപ്പം ഓട്ടത്തിൽ പങ്കെടുക്കാം. ഗ്രാമങ്ങളും നഗരങ്ങളും ഉൾപ്പെടെ കേരളത്തിലെ പ്രധാന കേന്ദ്രങ്ങളെല്ലാം റൺ കേരള റണ്ണിന്റെ വേദിയാകും.



പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്ന വിധമാണ് റൺ കേരള റൺ രൂപകൽപ്പന ചെയ്തിട്ടുള്ളത്. 200 മീറ്റർ മുതൽ 800 മീറ്റർ വരെയാണ് കൂട്ടയോട്ടത്തിന്റെ ദൈർഘ്യം.

കൂടുതൽ വിവരങ്ങൾക്ക്: www.runkeralarun.com എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

ടോൾഫ്രീ നമ്പർ: 18004255003 (രാവിലെ 9.00 മുതൽ വൈകിട്ട് ആറ് വരെ)